പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2520

18-07-2011-ൽ മറുപടിയ്ക്ക്

## സ്പെഷ്യൽ കാർഷിക പാക്കേജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. കെ.പി. മോഹനൻ<br>( കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാരിന്റെ സ്പെഷ്യൽ കാർഷിക പാക്കേജ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ; | (എ) ഉണ്ട്. താഴെ പറയുന്ന സ്പെഷ്യൽ കാർഷിക പാക്കേജുകൾ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന്റെ സഹായത്തോടെ നടപ്പാക്കിവരുന്നു.<br>i) പാലക്കാട്, കാസർകോട്, വയനാട് ജില്ലകൾക്കായുള്ള വിദർഭാ മോഡൽ പാക്കേജ്.<br>ii) ആലപ്പുഴ, കോട്ടയം, പത്തനതിട്ട ജില്ലകൾക്കായുള്ള കുട്ടനാട് പാക്കേജ്.<br>iii) ഇടുക്കി ജില്ലയ്ക്കായുള്ള ഇടുക്കി പാക്കേജ്. |
| ബി) പ്രസ്തുത കാർഷിക പാക്കേജിൽ എന്തെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും അവ നടപ്പാക്കുന്ന കാര്യങ്ങളും വിശദീകരിക്കുമോ? | (ബി) കുട്ടനാട്, ഇടുക്കി , വിദർഭ മോഡൽ പാക്കേജുകൾ മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1,2,3 ആയി ഉൾക്കൊള്ളിക്കുന്നു. |
| സി) കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് കാരണം പ്രയാസം അനുഭവിക്കുന്ന കർഷകർക്ക് ആശ്വാസമേകാൻ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | (സി) സ്വീകരിച്ചു വരുന്നു. പഴം-പച്ചക്കറി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിന് വേണ്ടി കൃഷി വകുപ്പിന്റെ കീഴിലുള്ള 6 മൊത്ത വ്യാപാര വിപണികളിൽ ലേല നടപടികൾ ആരംഭിച്ച് കഴിഞ്ഞു. സ്വകാര്യ |

കച്ചവടക്കാർ വില താഴ്ത്താതിരിക്കുവാൻ വേണ്ടി സർക്കാർ സ്ഥാപനമായ ഹോർട്ടികോർപ്-ഉം പ്രസ്തുത ലേലങ്ങളിൽ പങ്ക് ചേരുന്നുണ്ട്. ആഴ്ചയിൽ ഒരു ദിവസം മാത്രം നടന്ന് വരുന്ന പ്രസ്തുത ലേലങ്ങൾ കർഷകരുടെ താല്പര്യം കണക്കിലെടുത്ത് കൂടുതൽ ദിവസങ്ങളിൽ നടത്തുവാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നെല്ലിന് വില ലഭിക്കുന്നതിന് വേണ്ടി കിലോയ്ക്ക് 14 രൂപ നിരക്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരണം നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ